# ECHO OF HIS CALL

വിളിയുടെ പ്രതിധ്വനി

MALAYALAM

**India's National Spiritual Newspaper**

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII | YEAR OF OUR LORD JESUS CHRIST, 2026 APRIL | No. 06


## വിശുദ്ധ വേദപുസ്തകം

**ദയവായി ഈ ഭാഗം മനഃപാഠമാക്കുക**

### സങ്കീർത്തനങ്ങൾ 148:7–14

07. തിമിംഗലങ്ങളും എല്ലാ ആഴികളുമായുള്ളോവേ, ഭൂമിയിൽനിന്നു യഹോവയെ സ്തുതിപ്പിൻ.

08. തീയും കല്മഴയും ഹിമവും ആവിയും, അവന്റെ വചനം അനുഷ്ഠിക്കുന്ന കൊടുങ്കാറ്റും,

09. പർവ്വതങ്ങളും സകല കുന്നുകളും, ഫലവൃക്ഷങ്ങളും സകലദേവദാരുക്കളും,

10. മൃഗങ്ങളും സകല കന്നുകാലികളും, ഇഴജന്തുക്കളും പറവജാതികളും,

11. ഭൂമിയിലെ രാജാക്കന്മാരും സകല വംശങ്ങളും, ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപന്മാരും,

12. യുവാക്കളും യുവതികളും, വൃദ്ധന്മാരും ബാലന്മാരും,

13. ഇവരൊക്കെയും യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ; അവന്റെ നാമം മാത്രം ഉയർന്നിരിക്കുന്നതു. അവന്റെ മഹത്വം ഭൂമിക്കും ആകാശത്തിനും മേലായിരിക്കുന്നു.

14. തന്നോടു അടുത്തിരിക്കുന്ന ജനമായി യിസ്രായേൽമക്കളായ തന്റെ സകല ഭക്തന്മാർക്കും പുകഴ്ചയായി അവൻ സ്വജനത്തിന്നു ഒരു കൊമ്പിനെ ഉയർത്തിയിരിക്കുന്നു.

## ദൈവം തന്റെ നിശബ്ദതയിലൂടെ നിങ്ങൾക്കായി പ്രവർത്തിക്കുന്നു!

**GOD IS WORKING FOR YOU THROUGH HIS SILENCE!**

*സിസ്റ്റർ ഏഞ്ചലിൻ*



നമ്മുടെ കർത്താവും രക്ഷിതാവുമായ ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ എല്ലാ കുടുംബാംഗങ്ങൾ ആശംസകൾ നേരുന്നു. കർത്താവ് എന്നോടു സംസാരിക്കുന്നതും എന്റെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ കാര്യങ്ങൾ നിങ്ങളോടു പങ്കു വയ്ക്കുന്നത് എനിക്കു വലിയ സന്തോഷം നൽകുന്നു. നിങ്ങൾ ഇപ്പോൾ ഏതു സാഹചര്യത്തിലായാലും വിശ്വാസത്തോടെ മുന്നോട്ടു പോകാനായി ഞാൻ നിങ്ങൾക്കുവേണ്ടി എഴുതുന്നത് നിങ്ങൾക്കു പ്രോത്സാഹജനകമാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. കാരണം എന്തെന്നാൽ എനിക്കുവേണ്ടി അവൻ എന്തെങ്കിലും ചെയ്യുകയാണെങ്കിൽ അവൻ തീർച്ചയായും നിങ്ങൾക്കുവേണ്ടിയും ചെയ്യും. ഈ വാക്കുകളിലൂടെ നമുക്ക് പരസ്പരം പ്രോത്സാഹിപ്പിക്കുകയും വിജയത്തോടെ മുന്നോട്ടു പോകുകയും ചെയ്യാം.

**അവൻ ഉയിർത്തെഴുന്നേറ്റു!**

അവൻ ഉയിർത്തെഴുന്നേറ്റു! എത്ര ശക്തമായ പ്രഖ്യാപനം! ഇതാണ് നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ച് നാം

3-ാം പേജിൽ തുടരും...




**Echo of His Call**

***Christian YouTube Channel!***

**Every day 2 minutes message by**

**Pr. S. Sam Selva Raj!**

**in English, Hindi, Tamil & Telugu**

**and**

**Tamil & English Message & Prayer**

**Sunday 8.30 A.M. & 6.00 P.M.**

★ Please Subscribe and Share ★

# ECHO OF HIS CALL - (Marching towards 60th year)

Estd. 1969

## from your dearly beloved brother...





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.


**HON. EDITOR-IN-CHIEF**
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.

**EX MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.

**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.

**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)

**EDITORIAL BOARD**
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.



**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers



10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858

**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.org

**YOUTUBE CHANNEL**
Echo of His Call


**... യിസ്രായേലിന്റെ അരിഷ്ടതയിൽ അവന്നു സഹതാപം തോന്നി. – ന്യായാധിപന്മാർ 10:16**

കർത്താവിൽ പ്രിയ സ്നേഹിതരേ,

നമ്മുടെ ദൈവം നല്ലവനാണ്, അവൻ എന്നേക്കും ജീവിക്കുന്നവനാണ്. നിങ്ങളിലൂടെ ഒരു പുതിയ പ്രവൃത്തി ചെയ്യുക എന്ന ലക്ഷ്യത്തോടെ അവൻ തന്റെ വഴികളിലൂടെ നിങ്ങളെ നയിക്കുന്നു. ജീവിത പാതയിൽ നിങ്ങൾ ഇടറിവീഴുമ്പോൾ, നിങ്ങളെ താങ്ങി നിറുത്തുവാനും ഉയർത്തുവാനുമായി തന്റെ കരങ്ങൾ നീട്ടുന്നു. നിങ്ങൾ കടന്നുപോയ വേദനാജനകമായ അനുഭവങ്ങളെ അവൻ ഓർക്കുമ്പോൾ അവന്റെ ഹൃദയം നിങ്ങളോടുള്ള അനുകമ്പയാൽ നിറയുന്നു. അതിനാൽ ധൈര്യപ്പെടുവിൻ. നിങ്ങളുടെ വിടുതലിന്റെ നാളുകൾ അടുത്തു വരുന്നു.

*യിസ്രായേൽ മക്കൾ പിന്നെയും യഹോവെക്കു അനിഷ്ടമായതു ചെയ്തു ബാൽവിഗ്രഹങ്ങളെയും അസ്തോരെത്ത് പ്രതിഷ്ഠകളെയും അരാമ്യ ദേവന്മാരെയും സീദോന്യ ദേവന്മാരെയും മോവാബ്യ ദേവന്മാരെയും അമ്മോന്യ ദേവന്മാരെയും ഫെലിസ്ത്യ ദേവന്മാരെയും സേവിച്ചു, യഹോവയെ സേവിക്കാതെ അവനെ ഉപേക്ഷിച്ചു.*

*– ന്യായാധിപന്മാർ 10:6.*

യിസ്രായേൽ മക്കൾ ദൈവത്തിൽനിന്ന് അകന്ന് അന്യദേവന്മാരെ സേവിച്ചതിനാൽ കർത്താവ് അവരെ ഉപേക്ഷിച്ചു. അതിന്റെ ഫലമായി, അവരുടെ ശത്രുക്കളാൽ അവർ കഠിനമായി പീഢിപ്പിക്കപ്പെട്ടു. എന്നാൽ അവർ തങ്ങളുടെ പാപം ഏറ്റുപറഞ്ഞ് പൂർണ്ണഹൃദയത്തോടെ അവനിലേക്കു മടങ്ങിയപ്പോൾ കർത്താവ് അവരോട് ക്ഷമിച്ച് അവരെ വിടുവിച്ചു. ജനങ്ങൾ വീണ്ടും വിജയവും സമാധാനവും ആസ്വദിച്ചു.

*അമ്മോന്യർ യഹൂദയോടും ബെന്യാമീനോടും എഫ്രയീം ഗൃഹത്തോടും യുദ്ധം ചെയ്‌വാൻ യോർദ്ദാൻ കടന്നു; അതുകൊണ്ടു യിസ്രായേൽ വലിയ കഷ്ടത്തിലായി. യിസ്രായേൽ മക്കൾ യഹോവയോടു നിലവിളിച്ചു: ഞങ്ങൾ ഞങ്ങളുടെ ദൈവത്തെ ഉപേക്ഷിക്കയും ബാൽ വിഗ്രഹങ്ങളെ സേവിക്കയും ചെയ്തതുകൊണ്ടു നിന്നോടു പാപം ചെയ്തിരിക്കുന്നു എന്നു പറഞ്ഞു.*

*– ന്യായാധിപന്മാർ 10:9,10.*

യിസ്രായേല്യരുടെ കരച്ചിൽ കേട്ടപ്പോൾ ദൈവം അനുതപിച്ച് അവരുടെ ശത്രുക്കളിൽ നിന്ന് അവരെ വിടുവിച്ചു.

*അവർ തങ്ങളുടെ ഇടയിൽനിന്നു അന്യദൈവങ്ങളെ നീക്കിക്കളഞ്ഞു, യഹോവയെ സേവിച്ചു; യിസ്രായേലിന്റെ അരിഷ്ടതയിൽ അവന്നു സഹതാപം തോന്നി.*

*– ന്യായാധിപന്മാർ 10:16.*

നിങ്ങളുടെ കഷ്ടപ്പാടുകൾ നിങ്ങൾ ഒറ്റയ്ക്കല്ല സഹിക്കുന്നത്, നിങ്ങളുടെ വേദനയിൽ ദൈവവും പങ്കുചേരുന്നു. നിങ്ങളുടെ പോരാട്ടങ്ങളുടെ ആഴം ആർക്കും പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുകയില്ല, പക്ഷേ ദൈവം പൂർണ്ണമായും മനസ്സിലാക്കുന്നു. നിരാശപ്പെടാതെ ശക്തരും ധൈര്യശാലികളുമായിരിക്കുക. കർത്താവ് നിങ്ങൾക്കായി അസാധാരണമായ ഒരു അത്ഭുതം ചെയ്യും.


Our Ministries: ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) YouTube Ministry Online Courses Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners St. Paul's Matriculation School Crusades Community Development

ദൈവകൃപയാൽ, തുടർച്ചയായി **നെഹെമ്യ ബൈബിൾ കോളേജിന്റെ** ശുശ്രൂഷകൾ നന്നായി പ്രവർത്തിക്കുന്നു, അവന്റെ പരാജയമില്ലാത്ത വിശ്വസ്തതയ്ക്കും മാർഗ്ഗനിർദ്ദേശത്തിനും ഞങ്ങൾ നന്ദിയുള്ളവരാണ്.



*നെഹെമ്യ ബൈബിൾ കോളേജ് വിദ്യാർത്ഥികൾക്കൊപ്പം സീനിയർ പാസ്റ്ററും പാസ്റ്റർ ശ്രീകുമാറും (പൂർവ്വ വിദ്യാർത്ഥികൾ)*

**നേഷൻസ് അസ്സോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷനിൽ (NATA)** നിന്ന് ഞങ്ങളുടെ കോളേജിന് ഇപ്പോൾ അംഗീകാരം ലഭിച്ചതായി അറിയിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഈ സുപ്രധാന നേട്ടം ഞങ്ങളുടെ അക്കാദമിക് നിലവാരം ശക്തിപ്പെടുത്തുന്നതിലും ഞങ്ങളുടെ ശുശ്രൂഷയുടെ സ്വാധീനം വിശാലമാക്കുന്നതിലുമുള്ള ഒരു സുപ്രധാന ചുവടുവയ്പ്പാണ്.

ഈ അദ്ധ്യയനവർഷം മുതൽ **വേദശാസ്ത്രത്തിൽ ബിരുദ കോഴ്‌സും (B.Th.)** ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആഴത്തിലുള്ള ദൈവശാസ്ത്രപരമായ ഗ്രാഹ്യം, പ്രായോഗിക ശുശ്രൂഷാ പരിശീലനം എന്നിവയിലൂടെ വിദ്യാർത്ഥികളെ കൂടുതൽ ഫലപ്രദമായി സജ്ജരാക്കുന്നതിനാണ് ഈ പുതിയ കോഴ്‌സ് രൂപകല്പന ചെയ്തിരിക്കുന്നത്.



*മഹാബലിപുരത്തു വച്ചു നടന്ന നെഹെമ്യ ബൈബിൾ കോളേജ് വിദ്യാർത്ഥികളുടെ പ്രത്യേക ധ്യാനം*

ജനുവരി 24-ന് മഹാബലിപുരത്തുവച്ച് ഒരു പ്രത്യേക വിദ്യാർത്ഥി ധ്യാനം നടത്തുകയുണ്ടായി. ആത്മീയമായ സമ്പന്നമായ ഈ സമ്മേളനത്തിൽ "ക്രിസ്തുവുമായുള്ള അടുപ്പം" എന്ന വിഷയത്തിൽ സാമുവേൽ ആരോൺ ദൈവവചനം ശുശ്രൂഷിച്ചു. സെഷനുകൾ ആഴത്തിൽ പ്രബോധിപ്പിക്കുന്നതായിരുന്നു. അർത്ഥവത്തായ കൂട്ടായ്മയിലൂടെയും, ഉന്നതനതിനായുള്ള ആരാധനയിലൂടെയും, യേശുക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള സമ്പന്നമായ പഠിപ്പിക്കലിലൂടെയും ഞങ്ങളുടെ വിദ്യാർത്ഥികൾ ശക്തിപ്പെടുകയും പ്രോത്സാഹിക്കപ്പെടുകയും ചെയ്തു.

ബൈബിൾ കോളേജിന്റെ ശുശ്രൂഷകൾക്കായി നിങ്ങളുടെ നിരന്തരമായ പ്രാർത്ഥനകൾ ഞങ്ങൾ താഴ്മയോടെ അഭ്യർത്ഥിക്കുന്നു. വരാനിരിക്കുന്ന അദ്ധ്യയനവർഷത്തിൽ ധാരാളം പുതിയ വിദ്യാർത്ഥികളെ നൽകി അനുഗ്രഹിക്കണമെന്നും ഈ സ്ഥാപനത്തെ അവന്റെ മഹത്വത്തിനായി ഉപയോഗിക്കുവാൻ തുടർന്നും സഹായിക്കണമെന്നും കർത്താവിനോട് അപേക്ഷിക്കുന്നു.

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

*പാസ്റ്റർ. എസ്. സാം സെൽവരാജ്*
ഇമെയിൽ : sam@echoofhiscall.org

## അറിയിപ്പ്

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

-എഡിറ്റർ

1-ാം പേജിന്റെ തുടർച്ച...

ധ്യാനിക്കുമ്പോൾ, നിങ്ങൾ തുടർന്നു വായിക്കുന്നതിലൂടെ ദൈവം സംസാരിക്കട്ടെ.

ദുഃഖവെള്ളിയുടെയും ഈസ്റ്ററിന്റെയും കഥ ലോകസ്ഥാപനത്തിനു ആയിരക്കണക്കിന് വർഷങ്ങൾക്കു മുമ്പു തന്നെ പ്രവചിക്കപ്പെട്ടിരുന്നു. മാനവചരിത്രത്തിന്റെ ഏറ്റവും വലിയ സംഭവമായി ഇപ്പോഴും ഇതു തുടരുന്നു. ചരിത്രപരമായും, ആത്മീയമായും, ശാസ്ത്രീയമായും ഇത് ലോകമെമ്പാടുമുള്ള ഹൃദയങ്ങളെ ആകർഷിക്കുന്നു.

ഉയിർത്തെഴുന്നേല്പ് വിവരണം പലപ്പോഴും മൂന്നു ദിവസമായി ചുരുക്കിയിരിക്കുന്നു: ദുഃഖവെള്ളി, നിശബ്ദ ശനിയാഴ്ച, പുനരുത്ഥാന ഞായറാഴ്ച.

## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

നാം ദുഃഖവെള്ളിയെക്കുറിച്ച് ധാരാളം സംസാരിക്കുകയും പുനരുത്ഥാന ഞായറാഴ്ചയിൽ സന്തോഷിക്കയും ചെയ്യുന്നു. എന്നാൽ നിശബ്ദ ശനിയാഴ്ചയുടെ കാര്യമോ? ആ ദിവസത്തെക്കുറിച്ച് തിരുവെഴുത്ത് വളരെ കുറച്ചു മാത്രമേ വെളിപ്പെടുത്തുന്നുള്ളു. ഞാൻ അതിനെ "നിശബ്ദം" എന്നു വിളിക്കുന്നു. നാടകീയമായ ഒന്നും ഇതിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടില്ല. അത് നിശബ്ദമാണ്. നമുക്കു ദൃശ്യമായ ഒരു പ്രവർത്തനവും ഇല്ല.

പലരും പല രീതിയിൽ ഇതിനെക്കുറിച്ച് സങ്കല്പിക്കന്നെങ്കിലും ശിഷ്യന്മാർക്ക് ഇത് വേദനിപ്പിക്കുന്ന ഒരു ഓർമ്മപ്പെടുത്തലാണ്.

***വാഗ്ദാനലംഘനത്തിന്റെ വേദന***

***ശിക്ഷയുടെയും ലജ്ജയുടെയും സ്ഥലം***

***പരാജയത്തിന്റെയും തോൽവിയുടെയും ചിത്രം***

***തിരിച്ചുവരവില്ല എന്ന അഭിപ്രായം.***

ദുഃഖവെള്ളി നമ്മെ തകർക്കുന്നു. പുനരുത്ഥാന ഞായർ നമ്മെ ഉയർത്തുന്നു. നിശബ്ദ ശനി നമ്മെ രൂപപ്പെടുത്തുന്നു.

ഒന്നും സംഭവിക്കുന്നില്ല എന്നു തോന്നിപ്പിക്കുന്ന ദിവസമാണെങ്കിലും എല്ലാം സംഭവിക്കുകയാണ്. ദൈവം ഒന്നും പറയുന്നില്ല എങ്കിലും അവന്റെ പദ്ധതി വികസിച്ചുകൊണ്ടിരിക്കുന്ന ദിവസമാണ്. ലോകം നിശ്ചലമാണെന്നു കാണുന്ന ദിവസമാണെങ്കിലും സ്വർഗ്ഗം ചലിക്കുന്ന ദിവസമാണ്.

## 1. ശനിയാഴ്ച നമുക്കു മനസ്സിലാകാത്ത ദിവസമാണ്

മൂന്നു ദിവസത്തിനുശേഷം താൻ ഉയിർത്തെഴുന്നേല്ക്കുമെന്ന് യേശു വ്യക്തമായി പറഞ്ഞിരുന്നുവെങ്കിലും വെള്ളിയാഴ്ചത്തെ സംഭവത്തിന്റെ ആഘാതം ആ വാഗ്ദാനത്തെ മുക്കിക്കളഞ്ഞു.

**ശനിയാഴ്ച എന്നു പറയുന്ന ദിവസം:**

- ❖ ദൈവം മറഞ്ഞിരിക്കുന്നു എന്നു തോന്നിപ്പിക്കുന്ന ദിവസം
- ❖ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചിട്ടില്ലെന്ന് തോന്നിപ്പിക്കുന്ന ദിവസം
- ❖ വിശ്വാസം ദുർബലമായിപ്പോയി എന്നു തോന്നിപ്പിക്കുന്ന ദിവസം

യേശു മരിച്ചതിനാൽ ശിഷ്യന്മാർ തകർന്നുപോയി. അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും വിശ്വാസവും തകർന്നു, അവനോടുകൂടെ അടക്കപ്പെട്ടു. അവരുടെ ഗുരുവിന്റെ വിധി ഇതാണെങ്കിൽ അവരുടെ ഗതി എന്താകും? ആ ശനിയാഴ്ച രാവിലെ വേദന, ഭയം, ദുഃഖം ആശയക്കുഴപ്പം എന്നിവയാൽ നിറഞ്ഞിരിക്കുകയായിരുന്നു. തകർന്നും ഭയന്നും അവർ വാതിലുകൾക്കു പിന്നിൽ ഒളിച്ചു.

നമ്മിൽ പലരും ലോകത്തിൽനിന്ന് സ്വയം അകന്ന് വാതിലുകൾ കൊട്ടിയടച്ച് അവരവരുടേതായ ശനിയാഴ്ചകളിൽ ജീവിക്കാൻ ശ്രമിക്കുന്നു.

ഈ സന്ദേശം നിങ്ങൾക്കുള്ളതാണ്.

ശിഷ്യന്മാർ വാതിൽ അടച്ചിരുന്ന മുറിയിൽ പ്രവേശിച്ച് യേശു ഒരു വാക്കു പറഞ്ഞു: "സമാധാനം."

**...ശിഷ്യന്മാർ ഇരുന്ന സ്ഥലത്തു യെഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചിരിക്കെ യേശു വന്നു നടുവിൽ നിന്നുകൊണ്ടു: "നിങ്ങൾക്കു സമാധാനം" എന്നു അവരോടു പറഞ്ഞു.**

– യോഹന്നാൻ 20:19



**'നിങ്ങൾക്കു സമാധാനം' എന്ന് യേശു പറഞ്ഞു**

യോസേഫിന് ദൈവത്തിൽനിന്നു സ്വപ്നത്തിലൂടെ അരുളപ്പാടുകൾ ലഭിച്ചെങ്കിലും അവൻ ആദ്യം ഒരു പൊട്ടക്കിണറ്റിലും രണ്ടാമത് ജയിലിലും ആയി. ഒരു ശബ്ദവുമില്ല, ഒരു വിശദീകരണവുമില്ല, ഒരു വ്യക്തതയുമില്ല. എന്നാൽ ദൈവം തന്റെ ഉദ്ദേശ്യം നിറവേറ്റുവാനായി മറഞ്ഞിരുന്ന് പ്രവർത്തിക്കുകയായിരുന്നു.



***ദൈവത്തിന്റെ നിശബ്ദതക്കുശേഷം അത്ഭുതം സംഭവിച്ചു!***

യിസ്രായേൽ ജനത മുന്നിൽ ചെങ്കടലും, പിന്നിൽ ഫറവോനും സൈന്യങ്ങളും, ഇരുവശങ്ങളിലും പർവതങ്ങളുമായ നിന്നപ്പോൾ **ഭയവും സംശയവും അവരെ കീഴടക്കി. ദൈവം നിശബ്ദനായി കാണപ്പെട്ടു. എന്നാൽ ആ നിശബ്ദതയിൽ അവൻ ഒരു അത്ഭുതം ഒരുക്കുകയായിരുന്നു** (പുറപ്പാട്14:13,14).

ശനിയാഴ്ചത്തെ നിശബ്ദത ഉപേക്ഷിക്കലല്ലെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.

## 2. ദൈവം ഏറ്റവും ആഴമേറിയ പ്രവൃത്തി ചെയ്യുന്നത് ഇരുട്ടിലാണ്.

നാം ഒന്നും കാണാതെയിരിക്കുമ്പോഴാണ് ദൈവം മിക്കപ്പോഴും ശക്തമായി പ്രവർത്തിക്കുന്നത്.



***ദൈവത്തിന്റെ സൃഷ്ടികൾ***

**ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു – ഉല്പത്തി** 1:1,2.

എല്ലാത്തിനെയും ഇരുട്ട് മൂടിയിരുന്നു. പക്ഷെ അപ്പോഴെല്ലാം ദൈവത്തിന്റെ ആത്മാവ് അപ്പോഴും ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. അദൃശ്യമായിട്ടാണെങ്കിലും ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു.

പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കാതിരിക്കുമ്പോൾ...

നിങ്ങളുടെ മുന്നേറ്റം വൈകുമ്പോൾ...

നിങ്ങളുടെ ഹൃദയം നിരന്തരമായി കാത്തിരിക്കുമ്പോൾ...

ദൈവം ഇപ്പോഴും തിരശ്ശീലയ്ക്കു പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

നിശബ്ദ ശനിയാഴ്ചയിൽ ശിഷ്യന്മാർ വിലപിച്ചപ്പോൾ, കല്ലറയ്ക്കുള്ളിലാണ്

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS

ECHO OF HIS CALL MINISTRIES SINCE 1989

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഏപ്രിൽ 19** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെ 5 മിനിറ്റ് യുട്യൂബ് സന്ദേശങ്ങളിലൂടെ ലഭിക്കുന്ന നല്ല സാക്ഷ്യങ്ങൾക്കായി.

**ഏപ്രിൽ 20** ⇨ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 21** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 22** ⇨ ഞങ്ങളുടെ എല്ലാ പള്ളികളിലെയും സണ്ടേസ്കൂൾ, യുവജന ശുശ്രൂഷ, ആശുപത്രി ശുശ്രൂഷ എന്നിവയെ ദൈവം അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 23** ⇨ **ബൈബിൾകോർ** (ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ), ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സുകൾ എന്നിവയെ അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 24** ⇨ പ്രതിബദ്ധതയും യോഗ്യതയുമുള്ള പുതിയ വ്യക്തികളെ നിയമിക്കാൻ ഞങ്ങളുടെ സ്ഥാപനത്തെ പ്രാപ്തരാക്കിയതിനായി.

**ഏപ്രിൽ 25** ⇨ സംസ്ഥാന കോഡിനേറ്റർമാരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഏപ്രിൽ 26** ⇨ ഞങ്ങളുടെ മിഷൻ പ്രവർത്തകരുടെ അചഞ്ചലമായ പ്രതിബദ്ധതക്കായി.

**ഏപ്രിൽ 27** ⇨ സുവിശേഷം എത്തിച്ചേരാത്ത പല ഭാഷകളിലുള്ള ജനങ്ങളിലേക്ക് **വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിന്** കടന്നു ചെല്ലാൻ കഴിഞ്ഞതിനായി.

**ഏപ്രിൽ 28** ⇨ 2025-2026 സാമ്പത്തിക വർഷത്തിലേക്കുള്ള ദൈവീക അനുഗ്രഹങ്ങൾക്കായി.

**ഏപ്രിൽ 29** ⇨ ഞങ്ങളുടെ സഭകളുടെ എല്ലാ പ്രവർത്തനങ്ങളിലും തീഷ്ണതയോടെ പങ്കെടുക്കുവാൻ യുവാക്കളെ പ്രചോദിപ്പിക്കുന്നതിനായി.

**ഏപ്രിൽ 30** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** 10-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് അവസാന വർഷ പരീക്ഷകൾ വിജയകരമായി പൂർത്തീകരിക്കാൻ സഹായിച്ചതിനായി.

**മെയ് 01** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും സ്വർഗ്ഗീയ സംരക്ഷണവും നല്ല ആരോഗ്യവും നൽകിയതിനായി.

**മെയ് 02** ⇨ ഞങ്ങളുടെ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും ദൈവീക അനുഗ്രഹവും സംരക്ഷണവും നൽകിയതിനായി.

**മെയ് 03** ⇨ ഏപ്രിൽ 10-ാം തിയതി നടന്ന **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിന്റെ** വാർഷിക ദിനാഘോഷം അനുഗ്രഹപ്രദമാക്കിയതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**മെയ് 04** ⇨ ഞങ്ങളുടെ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാർക്കും അവരുടെ കുടുംബത്തിനുമായി.

**മെയ് 05** ⇨ ഞങ്ങളുടെ സ്ഥാപനത്തിലെ എല്ലാ ജീവനക്കാർക്കിടയിൽ ഐക്യവും മനസ്സിന്റെ ഏകത്വത്തിനും.

**മെയ് 06** ⇨ 2026-27 അദ്ധ്യയന വർഷത്തേക്ക് റെസിഡൻഷ്യൽ, സായാഹ്ന **നെഹെമ്യ ബൈബിൾ കോളേജുകളിൽ** അർഹരായ വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി.

**മെയ് 07** ⇨ 2026-27 അദ്ധ്യയന വർഷത്തേക്ക് **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** പുതിയ വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി.

**മെയ് 08** ⇨ ഞങ്ങളുടെ എല്ലാ ശുശ്രൂഷകളുടെയും സാമ്പത്തിക ആവശ്യങ്ങൾക്കുള്ള കരുതലിനായി.

**മെയ് 09** ⇨ **സുവിശേഷ അച്ചടിശാലയ്ക്കും** അതിന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ദൈവാനുഗ്രഹത്തിനും.

**മെയ് 10** ⇨ എല്ലാ ആലയങ്ങളും ആത്മാക്കളെ നേടുവാനും യഥാർത്ഥ ഉണർവ് അനുഭവമാക്കുവാനും.

**മെയ് 11** ⇨ 2026 ജൂലൈ 4ന് നടക്കുന്ന **നെഹെമ്യ ബൈബിൾ കോളേജിന്റെ** ബിരുദദാന ചടങ്ങിനായി.

**മെയ് 12** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജും കുടുംബവും എല്ലാ ദുഷ്ടശക്തികളിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ.

**മെയ് 13** ⇨ ശുശ്രൂഷകർക്കും മിഷണറിമാർക്കും എതിരെ നടക്കുന്ന എല്ലാ അതിക്രമങ്ങളും അവസാനിക്കാൻ.

**മെയ് 14** ⇨ ആഗോളതലത്തിലെ കഠിനമായ കാലാവസ്ഥയിൽനിന്നുള്ള ദൈവീക സംരക്ഷത്തിനായി.

**മെയ് 15** ⇨ പുതിയ സാമ്പത്തിക വർഷത്തിലുടനീളമുള്ള ദൈവീക മാർഗനിർദ്ദേശത്തിനായി.

**മെയ് 16** ⇨ ദൈവത്തെ ഭയപ്പെടുകയും ബഹുമാനിക്കുകയും ചെയ്യുന്ന നേതാക്കളെ നൽകി രാഷ്ട്രങ്ങൾ അനുഗ്രഹിക്കപ്പെടുവാൻ.

**മെയ് 17** ⇨ വടക്കേ ഇന്ത്യയിലെ നമ്മുടെ മിഷണറിമാർക്കും ദൈവദാസന്മാർക്കും കുടുംബാംഗങ്ങൾക്കും നല്ല ആരോഗ്യം പ്രദാനം ചെയ്യുവാൻ.

**മെയ് 18** ⇨ **വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിന്റെ** പുതിയ വരിക്കാർക്കായി.

....Contd. from page 4

എന്നു കരുതിയ യേശു നിഷ്ക്രീയനായിരുന്നില്ല. തിരുവെഴുത്ത് വെളിപ്പെടുത്തുന്നത്, അവൻ:

**ഭൂമിയുടെ അധോഭാഗങ്ങളിൽ ഇറങ്ങി** (എഫെസ്യർ 4:9)

**വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെപ്പിച്ചു** (കൊലൊസ്സ്യർ 2:15)

**മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ കൈവശമുണ്ട്** (വെളിപ്പാട് 1:19)

ലോകം നിശബ്ദത കണ്ടു,

സ്വർഗ്ഗം വിജയം കണ്ടു!

ദൈവം നിശബ്ദനാണെന്ന് നിങ്ങൾക്കു തോന്നിയേക്കാം. പക്ഷെ, ഉറപ്പായും അവൻ നമുക്ക് വിജയകരമായ ഞായറാഴ്ച ഒരുക്കാൻ അവൻ ഇരുണ്ട ശനിയാഴ്ചകളിൽ പ്രവർത്തിക്കുന്നുണ്ട്. എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, നിരുത്സാഹപ്പെടരുത്. നിശബ്ദതയിലും ഇരുട്ടിലും ദൈവം ഒന്നും ചെയ്യുന്നില്ല എന്ന് നാം വിചാരിക്കരുത്, അങ്ങനെ അർത്ഥമാക്കയുമരുത്.

യോനാ മത്സ്യത്തിന്റെ വയറ്റിൽ മൂന്നു ഇരുണ്ട ദിനങ്ങൾ ചെലവഴിച്ചു. അത് അവന് ശിക്ഷയായി തോന്നിയെങ്കിലും അത് അവനെ ഒരുക്കുകയായിരുന്നു. ദൈവം അവന്റെ ഹൃദയത്തെ ഏറ്റവും വലിയ ഒരു ദൗത്യത്തിനായി പാകപ്പെടുത്തി പുനർനിർമ്മിക്കുകയായിരുന്നു.

ദാനീയേൽ സിംഹങ്ങളുടെ ഗുഹയിൽ നിശബ്ദമായ ഒരു രാത്രി ചെലവഴിച്ചു. എന്നാൽ **ദൈവം തന്റെ ദൂതനെ അയച്ചു അവയുടെ വായടച്ചുകളഞ്ഞു** (ദാനീയേൽ 6:22). ദൈവം നിങ്ങൾക്കെതിരെ ഉയരുന്ന എല്ലാ വായകളും, എല്ലാ പദ്ധതികളും, എല്ലാ അമ്പുകളും അടയ്ക്കുന്നു. അവൻ ഇരുട്ടിൽ പ്രവർത്തിക്കുന്നു.



*ദാനിയേൽ ഒരു രാത്രി സിംഹത്തിന്റെ ഗുഹയിൽ ആയിരുന്നു*

## 3. തെളിവില്ലാതെ വിശ്വസിക്കാൻ ശനിയാഴ്ച നമ്മെ പഠിപ്പിക്കുന്നു!

ഞായറാഴ്ചത്തെ വിശ്വാസം ആഘോഷമാണ്.

ശനിയാഴ്ചത്തെ വിശ്വാസം കീഴടങ്ങലാണ്.

"എനിക്ക് ഇതുവരെ അതു കാണാൻ കഴിഞ്ഞിട്ടില്ല, പക്ഷെ ദൈവം വിശ്വസ്തനാണ്."

"എനിക്ക് ഇതുവരെ അത് അനുഭവപ്പെട്ടിട്ടില്ല, പക്ഷെ അവന്റെ വാഗ്ദാനം നിലനിൽക്കുന്നു."

"എനിക്ക് ഇതുവരെ അതു മനസ്സിലായിട്ടില്ല, പക്ഷെ അവൻ ഇപ്പോഴും നല്ലവനാണ്."

അബ്രഹാം യിസ്ഹാക്കിനായി കാത്തിരിക്കുകയായിരുന്നു. ദൈവം ഒരു മകനെ നൽകുമെന്ന് വാഗ്ദത്തം ചെയ്തു എങ്കിലും വർഷങ്ങൾ നിശബ്ദമായി കടന്നുപോയി. റോമർ 4:20 ൽ ഇങ്ങനെ പറയുന്നു: "ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ..." ശനിയാഴ്ച അചഞ്ചലമായ വിശ്വാസം വളർത്തിയെടുക്കുന്നു. അബ്രഹാമിന് ഇത്രയും അചഞ്ചലമായ വിശ്വാസം ഉണ്ടായിരിക്കുന്നത് എളുപ്പമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ചിന്തിച്ചാൽ അത് അസാധ്യമാണെന്നു മനസ്സിലാക്കാം. ഇത് ദൈവത്തിന്റെ വാഗ്ദാനമാണോ അതോ സ്വയം തോന്നിയതോ എന്ന് ആളുകൾ ചോദിച്ചുകാണും. ഓരോ ദിവസവും സാറായെ കാണുമ്പോൾ അവന്റെ മനസ്സ് വേദനിച്ചുകാണും. പക്ഷെ അവൻ ദൈവത്തിന്റെ വാഗ്ദത്തിൽ ഉറച്ചുനിന്നു.

നിങ്ങൾ കാണുന്ന കാര്യങ്ങളാൽ നിങ്ങളുടെ വിശ്വാസം പതറിപ്പോകാൻ അനുവദിക്കരുത്. ശാരീരികമായി ബലഹീനതയുള്ള സാറായെ നിങ്ങൾ കാണുന്നു. പക്ഷെ അത് ആത്മീയ കണ്ണുകളാൽ കാണുക. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാണ്. അതുകൊണ്ടാണ് അബ്രഹാമിന്റെ ശനിയാഴ്ച ലോകചരിത്രത്തെ രൂപപ്പെടുത്തിയ ഒരു അത്ഭുതത്തിൽ അവസാനിച്ചത്.

പ്രിയരേ, നിങ്ങൾക്കു തെളിവിന്റെ ആവശ്യമില്ല. അവനിൽ വിശ്വസിക്കുക, അവനെ മുറുകെ പിടിക്കുക. അവൻ നിങ്ങളുടെ ശനിയാഴ്ച ഒരു അത്ഭുതത്തോടെ അവസാനിപ്പിക്കും. വിശ്വാസത്തിന്റെ വേരുകൾ വളരുവാൻ ശനിയാഴ്ചകൾ നിങ്ങളെ പ്രാപ്തരാക്കും.

## 4. ശനിയാഴ്ച ഉയിർപ്പിനായി നമ്മെ തയ്യാറാക്കുന്നു!

ശനിയാഴ്ച എന്നത് ഞായറാഴ്ച സംഭവിക്കാൻ പോകുന്ന വലിയ അത്ഭുതത്തിന്റെ ഒരുക്കനാളാണ് എന്നു മറന്നുപോകരുത്. അതിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെ പരിവർത്തനം നഷ്ടമാകരുത്. ശനിയാഴ്ച നമ്മെ രൂപപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും നമ്മുടെ ഉദ്ദേശ്യങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

1 ശമുവേൽ 16-ാം അദ്ധ്യായത്തിൽ ദാവീദിനെ രാജാവായി അഭിഷേകം ചെയ്തായി

9-ാം പേജിൽ തുടരും...

ECHO OF HIS CALL

**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

ഭാഷ : തമിഴ് (Part time)
ഹിന്ദി (Residential) (Sponsorship available)

യോഗ്യത :
പത്താം ക്ലാസ്സും അതിനു മുകളിലും

*ദൈവശാസ്ത്രത്തിൽ ഡിപ്ലോമ &*
*ദൈവശാസ്ത്രത്തിൽ ബിരുദം*

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

01. പ്രാർത്ഥന സഹായം - 24 മണിക്കൂർ
02. വിളിയുടെ പ്രതിധ്വനി മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)
04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ - ഇംഗ്ലീഷ്, തമിഴ്
05. നെഹെമ്യ ബൈബിൾ കോളേജ് - ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി
06. ശാഖാ സഭകൾ - സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07. പരമനിയോഗ ദൗത്യ പങ്കാളികൾ - പാസ്റ്റർമാരുടെ ചങ്ങല
08. ട്രെയിനിംഗ് പരിപാടികൾ - സെമിനാറുകൾ, റിട്രീറ്റുകൾ
09. ക്രൂസേഡുകൾ
10. ലഘുലേഖ വിതരണം, തുടർ നടപടികൾ
11. സുവിശേഷ അച്ചടിശാല - പ്രസിദ്ധീകരണങ്ങൾ
12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13. സൺഡേസ്കൂൾ (ചെപ്പോക്ക്) - ഞായർ രാവിലെ 10.30 മണി
    (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) - ഞായർ വൈകുന്നേരം 3.00 മണി
14. അതിരാവിലെ ആരാധന - ഞായർ രാവിലെ 5.30 മണി
15. പ്രാഥമിക ആരാധന - ഞായർ രാവിലെ 8.00 മണി
16. തമിഴ് ആരാധന - ഞായർ രാവിലെ 8.30 മണി
17. യുവജന കൂട്ടായ്മ - ഞായർ രാവിലെ 11.00 മണി
18. ഉച്ചഭക്ഷണ കൂട്ടായ്മ - ഞായർ ഉച്ചയ്ക്കു 1.00 മണി
19. തെലുങ്ക് ആരാധന - ഞായർ വൈകുന്നേരം 4.00 മണി
20. ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 5.00 മണി
21. തമിഴ് & ഇംഗ്ലീഷ് ആരാധന - ഞായർ വൈകുന്നേരം 6.00 മണി
22. പ്രതികരണ സമയം - ഞായർ വൈകുന്നേരം 7.30 മണി
23. സ്ത്രീകളുടെ പ്രാർത്ഥനായോഗം - ബുധൻ വൈകുന്നേരം 5.30 മണി
24. ഹിന്ദി പ്രാർത്ഥന - വ്യാഴം വൈകുന്നേരം 7.00 മണി
25. പുരുഷന്മാരുടെ യോഗം - വെള്ളി വൈകുന്നേരം 7.30 മണി
26. ശിഷ്യത്വ യോഗം - ശനി വൈകുന്നേരം 6.00 മണി
27. ഭവന കൂട്ടായ്മ - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
28. പ്രത്യേക കർത്തൃമേശ - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
29. സുവിശേഷകരുടെ അവലോകനം - ആദ്യ ശനി വൈകുന്നേരം 5.30 മണി
30. രക്ഷിതാക്കളുടെ പ്രാർത്ഥന - ആദ്യ ഞായർ വൈകുന്നേരം 4.00 മണി
31. രാത്രി പ്രാർത്ഥന - മൂന്നാം വെള്ളി രാത്രി 9.30 മണി
32. ഉപവാസ പ്രാർത്ഥന - രണ്ടാം ശനി രാവിലെ 9.30 മണി
33. കർത്തൃമേശ - രണ്ടാം ഞായർ ആരാധനയോടൊപ്പം
34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന - ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
35. സ്റ്റാഫുകളുടെ ധ്യാനം - ദിവസവും രാവിലെ 9.00 മണി
36. ഓഫീസ് - രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ)

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*
ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് **വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)



## അവന്റെ വിളിയിൽ നിങ്ങൾ വിശ്വസ്തത പുലർത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നു!

**തന്റെ പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു നിങ്ങളെ വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ. - 1 കൊരിന്ത്യർ 1:9**



1969-ൽ, കർത്താവായ യേശുക്രിസ്തുവിനെ വ്യക്തിപരമായ രക്ഷകനായി ഞാൻ സ്വീകരിച്ചപ്പോൾ, ദി ഹെറാൾഡ് ഓഫ് ഹിസ് കമിംഗ് എന്ന പുസ്തകത്തിന്റെ എഡിറ്ററായ പാസ്റ്റർ എസ്. ദേവദാസന്റെ ശുശ്രൂഷയിൽ ചേർന്നു. കർത്താവിനെ സേവിക്കുന്നതിനുള്ള ആത്മീയ പരിശീലനം അദ്ദേഹം എനിക്കു നൽകി. മൂന്നു വർഷം ഞാൻ അദ്ദേഹത്തിന്റെ കീഴിൽ ശുശ്രൂഷിച്ചു.

ഒരു രാത്രി ഞങ്ങൾ ഒരുമിച്ചു വളരെ നേരം പ്രാർത്ഥിച്ചു. അപ്പോൾ അദ്ദേഹം ലോകത്തിന്റെ വരുവാനിരിക്കുന്ന അവസ്ഥയെക്കുറിച്ചും, കർത്താവ് എന്നിലൂടെ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും സംസാരിച്ചു. അന്നത്തെ അവസ്ഥയിൽ എനിക്കു സങ്കല്പിക്കാൻ പോലും കഴിയാത്ത വളരെ മഹത്തായതും അത്ഭുതകരവുമായ കാര്യങ്ങൾ ഞാൻ ഏറ്റെടുക്കുമെന്നു അദ്ദേഹം പ്രവചിച്ചു പറഞ്ഞു. ആ ശുശ്രൂഷകൾ ഏറ്റെടുത്തു നിറവേറ്റുവാനുള്ള വിദ്യാഭ്യാസമോ, സാമ്പത്തികമോ, പിന്തുണയോ എനിക്കില്ലായിരുന്നു.

എന്റെ പോരായ്മകൾ ഞാൻ അദ്ദേഹത്തോടു വിശദീകരിച്ചു. "പാസ്റ്ററേ, എനിക്ക് കർത്താവിന്റെ ഏറ്റവും ചെറിയ ദാസനായി തുടർന്നാൽ മതി" എന്നു പറഞ്ഞു.

അദ്ദേഹം മറുപടി പറഞ്ഞത്: "ഒരു സാധാരണക്കാരനെ ഏറ്റവും വലിയ ഉയരത്തിലെത്തിക്കാൻ രണ്ട് കാര്യങ്ങൾ ആവശ്യമാണ്:



**(എ) വിശ്വാസം**

**(ബി) നല്ല മനസ്സാക്ഷി,**

1 തിമൊഥെയോസ് 1:19-ൽ പറഞ്ഞിരിക്കുന്നതുപോലെ, ഇവ രണ്ടും നിങ്ങളുടെ സ്വന്തം കണ്ണുകളെ കാക്കുന്നതുപോലെ സൂക്ഷിച്ചാൽ, ഞാൻ പറഞ്ഞ എല്ലാ ആത്മീയ ഉയർച്ചയും ഉറപ്പായും നിങ്ങൾക്കു ലഭിക്കും."

കർത്താവിന്റെ സഹായത്താൽ ഈ രണ്ട് ഗുണങ്ങളും ഈ വർഷങ്ങളിലെല്ലാം നിലനിർത്താൻ ഞാൻ പരമാവധി ശ്രമിച്ചു.


ഈ ലേഖനം എഴുതുന്നതിനു തൊട്ടുമുമ്പ് കർത്താവ് സൗമ്യമായി എന്നോടു സംസാരിച്ചു. ഞാൻ വളരെയധികം മൂകനും ശ്രദ്ധാലുവുമായി. അദ്ദേഹം പറഞ്ഞു:

"എന്റെ പ്രിയ മകനേ, നീ നിൽക്കുന്ന ഈ കെട്ടിടം നിനക്കു ലഭിച്ചതെങ്ങനെയെന്നു ഒരു നിമിഷം ചിന്തിക്കൂ. ഈ കെട്ടിടത്തിൽ നടക്കുന്ന ശുശ്രൂഷകളെക്കുറിച്ച് ചിന്തിച്ചു നോക്കുക. നൂതന സാങ്കേതികവിദ്യയുള്ള താഴത്തെ നിലയിലെ സുവിശേഷ അച്ചടിശാലയെയും 24 മണിക്കൂറും പ്രാർത്ഥന നടക്കുന്ന ഒന്നാം നിലയിലെ പള്ളിയെയും രണ്ടാം നിലയിലെ **വിളിയുടെ പ്രതിധ്വനിയുടെ** അഡ്മിനിസ്ട്രേറ്റീവ് ഓഫീസിനെയും നെഹെമ്യ ബൈബിൾ കോളേജിന്റെ ശുശ്രൂഷകളെയും അവിടെ പഠിക്കുന്ന പെൺകുട്ടികളുടെ ഇടയിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചും നീ ചിന്തിച്ചിട്ടുണ്ടോ?"

"നിന്റെ സ്വാഭാവിക കഴിവിനപ്പുറമുള്ള, എല്ലാ സീസണിലെയും ശുശ്രൂഷകളെ സഹായിക്കാനായി നിന്നെക്കാളും കഴിവും ജ്ഞാനവുമുള്ള നിരവധി അഹരോന്മാരെയും ജോഷ്വമാരെയും ഞാൻ നിനക്കു നൽകിയിരിക്കുന്നല്ലോ. ഈ അനുഗ്രഹങ്ങളെക്കുറിച്ചു നീ മറന്നുപോയാലും ഞാൻ നിന്നെ ഓർക്കുന്നു. ഞാൻ നിന്നെ ആദ്യമായി വിളിച്ചപ്പോൾ നീ ആരായിരുന്നു, ഇപ്പോൾ നീ ആരായിരിക്കുന്നു? ഞാൻ നിന്റെ ശുശ്രൂഷകളെ കൂടുതൽ വിശാലമാക്കും. എന്റെ വിശ്വസ്ത ദാസനായ പാസ്റ്റർ എസ്. ദേവദാസൻ നിന്നെ പഠിപ്പിച്ചതുപോലെ, വിശ്വാസത്തിലും നല്ല മനസ്സാക്ഷിയിലും ഉറച്ചുനിൽക്കുക. നീ പരുക്കൻ വഴികളിലൂടെ നടക്കുകയാണെങ്കിലും നിരുത്സാഹപ്പെടരുത്. ഞാൻ നിന്നെ വിളിച്ചുവല്ലോ. ഞാൻ എന്റെ വായ് കൊണ്ടു സംസാരിച്ചതെല്ലാം എന്റെ സ്വന്തകൈകൊണ്ട് നിറവേറ്റിത്തരും. ശക്തമായിരിക്കുക, ക്ഷീണിച്ചുപോകരുത്."

ചിലപ്പോഴൊക്കെ കർത്താവ് എന്നിലൂടെ നിറവേറ്റുന്ന അത്ഭുതകരവും ശക്തവുമായ പ്രവർത്തനങ്ങളെ എനിക്കു പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാറില്ല.

പ്രീയ സഹോദരീസഹോദരന്മാരേ, ദൈവം നിങ്ങളുടെമേൽ ആക്കിവെച്ചിരിക്കുന്ന നേതാക്കളെ പൂർണ്ണമനസ്സോടെ അനുസരിക്കുക. ലോകത്തിന്റെ വഴികൾക്കനുസൃതമായി നടക്കരുത്. ദൈവീക നേതൃത്വത്തിൽ കീഴിൽ താഴ്മയോടെ നടക്കുക. നിങ്ങളുടെ വിശ്വാസവും മനസ്സാക്ഷിയും കാത്തുസൂക്ഷിക്കുക. നിങ്ങൾ ദൈവമുമ്പാകെ സത്യസന്ധത പുലർത്തുന്നുവെങ്കിൽ അവൻ നിങ്ങളിലൂടെ വലിയ കാര്യങ്ങൾ ചെയ്യും. നിങ്ങളെ ശക്ത മായി ഉപയോഗിക്കുന്നതിൽനിന്ന് ദൈവത്തെ തടയാൻ യാതൊന്നി നും കഴിയുകയില്ല.



എല്ലാ മഹത്വവും ബഹുമാനവും അവനു മാത്രമായിരിക്കട്ടെ.

6-ാം പേജിന്റെ തുടർച്ച...

രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും 2 ശമുവേൽ 5:4-ൽ വിവരിച്ചിരിക്കുന്നതുപോലെ മുപ്പതാമത്തെ വയസ്സിലാണ് അദ്ദേഹം യഥാർത്ഥത്തിൽ രാജാവായത്. **ദാവീദ് വാഴ്ച തുടങ്ങിയപ്പോൾ അവന്നു മുപ്പതു വയസ്സായിരുന്നു; അവൻ നാല്പതു സംവത്സരം വാണു.**

പതിനേഴു മുതൽ മുപ്പതു വർഷം വരെയുള്ള വർഷങ്ങൾ ദീർഘവും ക്ഷമയോടെ സഹിച്ചതുമായ വർഷങ്ങളായിരുന്നു. യിസ്രായേലിന്റെ ഏറ്റവും വലിയ രാജാവായി അദ്ദേഹത്തെ രൂപപ്പെടുത്തിയ തയ്യാറെടുപ്പിന്റെ വർഷങ്ങൾ! ദാവീദ് രാജാവിന്റെ നേട്ടങ്ങൾ അസാധാരണമായിരുന്നു. മറ്റൊരു രാജാവും അദ്ദേഹം ചെയ്തതുപോലെ ചെയ്തിട്ടില്ല. തനിക്കെതിരെ ഗൂഢാലോചന നടത്തിയവരോടു ക്ഷമിക്കാനും, തന്റെ ഭീമന്മാരായ ശത്രുക്കളെ അചഞ്ചലമായ ധൈര്യത്തോടെ നേരിടുവാനും ആ കാത്തിരിപ്പിന്റെ കാലം അദ്ദേഹത്തെ പഠിപ്പിച്ചു. അത് അദ്ദേഹത്തിന്റെ സ്വഭാവം രൂപപ്പെടുത്തി. എല്ലാറ്റിനുമുപരി, പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം അദ്ദേഹത്തിന്റെ ഏറ്റവും വലിയ സമ്പത്തെന്ന് മനസ്സിലാക്കി.

**നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ** (സങ്കീർത്തനങ്ങൾ 51:11).

**നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസങ്ങളെക്കാൾ ഉത്തമമല്ലോ; ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനെക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനായിരിക്കുന്നതു എനിക്കു ഏറെ ഇഷ്ടം** (സങ്കീർത്തനങ്ങൾ 84:10).

ഇന്നു നിങ്ങൾ എന്തിനെയെങ്കിലും കാത്തിരിക്കുകയാണോ? ദൈവം നിന്നെ വൻകാര്യങ്ങൾ ചെയ്യാൻ ഒരുക്കുകയാണ് എന്നു മനസ്സിലാക്കുക.

ശക്തരായിരിക്കുവിൻ. ധൈര്യപ്പെടുവിൻ. പിടിച്ചു നിൽക്കുവിൻ!

ദൈവം ഒരു ഉയിർത്തെഴുന്നേല്പിന്റെ ഉ

## 5. നിങ്ങളുടെ ശനിയാഴ്ച എന്നേക്കും നിലനിൽക്കില്ല!

റപ്പു നൽകിയിരിക്കുന്നതിനാൽ നിങ്ങളുടെ ഇരുണ്ട ശനിയാഴ്ചകൾ എന്നേക്കും നിലനിൽക്കുകയില്ല.

ശനിയാഴ്ചയുടെ നിശബ്ദത താൽക്കാലികമാണ്.

ശനിയാഴ്ചയുടെ ദുഃഖം താൽക്കാലികമാണ്.

ശനിയാഴ്ചയുടെ ആശയക്കുഴപ്പം താൽക്കാലികമാണ്.



*'ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിന്നകം അതിനെ പണിയും'*

**ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്നു ദിവസത്തിന്നകം അതിനെ പണിയും** എന്നു മുൻകൂട്ടി യേശു തന്നെ പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 2:19).

നിങ്ങളുടെ വഴിയിൽ തടസ്സമായി നിൽക്കുന്ന ഭാരമുള്ള കല്ല് ഉരുണ്ടു മാറും. നിങ്ങളുടെ ശനിയാഴ്ചയിൽ വെളിച്ചം കടന്നു വരും. വാഗ്ദത്തനിവൃത്തിയായി നിങ്ങൾ കല്ലറയിൽ നിന്ന് പുറത്തുവരും. ഒരു ശനിയാഴ്ച ഉണ്ടെങ്കിൽ ഒരു ഞായറാഴ്ചയും ഉണ്ടാകും.

എനിക്കു ലാസറിനെ ഓർമ്മ വരുന്നു. അവൻ നാലു ദിവസം കല്ലറയ്ക്കുള്ളിൽ കിടന്നു. നിശബ്ദതയുടെയും കാത്തിരിപ്പിന്റെയും പൂർണ്ണ നിരാശയുടെയും നാലു ദിനങ്ങൾ. എല്ലാം അവസാനിച്ചതായി തോന്നിയെങ്കിലും യേശുക്രിസ്തു ഇടപെട്ടപ്പോൾ എല്ലാം മാറി.

**യേശു അവളോടു: വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിന്നോടു പറഞ്ഞില്ലയോ എന്നു പറഞ്ഞു** (യോഹന്നാൻ 11:40).

പ്രിയ സുഹൃത്തുക്കളേ, ആ ഇരുണ്ട ശനിയാഴ്ചകളിൽ പലതിലൂടെയും ഞാൻ കടന്നുപോയിട്ടുള്ളതിനാൽ പറയുന്നത് എന്തെന്ന് വ്യക്തമായി എനിക്കറിയാം. അത് ഭയാനകവും ഹൃദയഭേദകവുമാണ്. യേശുക്രിസ്തു ഇടപെട്ട് എന്റെ "പൂർണ്ണവിരാമം" ഒരു "കോമ" യാക്കി മാറ്റുന്നതുവരെ എന്റെ പ്രതീക്ഷ കൈവിട്ടുപോയിരുന്നു. അവൻ എനിക്കായി ചെയ്തത് നിങ്ങൾക്കും ചെയ്യും. നിങ്ങളുടെ ലജ്ജയും പരാജയവും ദുഃഖവും നിറഞ്ഞ ജീവിതം ഉടൻ അവസാനിക്കും. നിങ്ങളുടെ ശനിയാഴ്ച നിങ്ങളുടെ കഥയുടെ അവസാനമല്ല.

നമ്മുടെ ജീവിതത്തിന് അർത്ഥവും ലക്ഷ്യവും നൽകാനാണ് യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നത്. നാം പാപത്തിലോ പരാജയത്തിലോ ജീവിക്കാൻ അവൻ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. നാം വിജയകരമായ ജീവിതം നയിക്കാനായി അവൻ നമുക്കു വേണ്ടി വന്നു, കുരിശിൽ മരിച്ചു. നാം ഇനി ഒന്നിനും അടിമകളല്ല - നാം ജയാളികളാണ്.

ഒരു ശനിയാഴ്ചയുടെ കാലത്തിൽ നിങ്ങൾ കാത്തിരിക്കുകയും ആശ്ചര്യപ്പെടുകയും വേദനിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ആയിരിക്കുകയാണെങ്കിൽ ധൈര്യപ്പെടുവിൻ. ശനിയാഴ്ചയുടെ നിശബ്ദതയെ ഞായറാഴ്ചയുടെ വിജയമാക്കി മാറ്റിയ അതേ ദൈവം ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നു.

ശനിയാഴ്ചയുടെ നിശബ്ദത ഉയിർപ്പ് ഞായറാഴ്ചയുടെ വിജയം പോലെ ശക്തമാണ്. ദൈവത്തെയും അവന്റെ വാഗ്ദത്തങ്ങളെയും മുറുകെ പിടിക്കുക. നിങ്ങളുടെ വിജയത്തിന്റെ ഞായർ കടന്നു വരികയാണ്. പക്ഷെ നിശബ്ദ ശനിയാഴ്ചയെ വില കുറച്ചു കാണരുത്. യേശുക്രിസ്തുവിൽ വിശ്വസിക്കുക. നിങ്ങളുടെ നിശബ്ദ ശനിയാഴ്ചകളെ വിജയത്തിന്റെ ഞായറാഴ്ചകളാക്കി മാറ്റാൻ അവനു മാത്രമേ കഴിയൂ. അവൻ വരാനിരിക്കുന്ന രാജാവാണ്.

- ദൈവം നിശബ്ദനായിരിക്കാം. പക്ഷെ അവൻ ഒരിക്കലും നിശ്ചലനല്ല.
- ദൈവം മറഞ്ഞിരിക്കയായിരിക്കാം. പക്ഷെ അസന്നിഹിതനായിരിക്കുന്നില്ല.
- ദൈവം നിശബ്ദനായിരിക്കാം. പക്ഷെ അവൻ വിശ്വസ്തനാണ്.

*************

**Kind Attention**

Kindly join with us for our **Nehemiah Bible Colleges** Graduation Ceremony which will be held at 5.00 P.M. on 4th July 2026 (Saturday) at BALAR KALVI NILAYAM, Chennai-7.

**Special Guest:**
**REV. DR. S.J. KINGSLEY,**
**(COO, JESUS CALLS)**

We request applications from dedicated students to our College for the next academic year 2026-2027 which will begin from1st June 2026.

- Principal

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

*1. Bank : State Bank of India*

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : S. Sam Selva Raj |
| A/C No. | : 1023 2934 679 |
| IFSC | : SBIN 00 00 249 |

SWIFT CODE : SBI NIN BB 455

*2. Bank : ICICI Bank*

| | |
|---|---|
| Branch | : Anna Salai, Chennai-6 |
| Name | : Echo of His Call |
| A/C No. | : 6038 0502 2319 |
| IFSC | : ICIC 000 6038 |

*3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

| | |
|---|---|
| Branch | : Triplicane, Chennai-5 |
| Name | : Echo of His Call Educational Trust |
| A/C No. | : 1023 2923 805 |
| IFSC | : SBIN 00 00 249 |

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ് സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം ഡിമാന്റ് **ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ** (Sam Selva Raj, sam@echoofhiscall.org), **നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 4th APRIL 2026.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**